**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1491

22/3/2013-ൽ നൽകിയ
താല്കാലിക മറുപടിയ്ക്കുള്ള
പൂർണ്ണമറുപടി

# കുട്ടനാട് പാക്കേജ് നടപ്പാക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിലെ കാലതാമസം ചൂണ്ടിക്കാട്ടി കർഷകർ നടത്തുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 2012-13 ൽ കേന്ദ്രസർക്കാർ പ്രസ്തുത പാക്കേജിനു വേണ്ടി തുക അനുവദിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) നാളിതുവരെ ആകെ എത്ര തുക ചെലവഴിച്ചുവെന്ന വാർഷികകണക്ക് ലഭ്യമാക്കാമോ; | (സി) | കുട്ടനാട് പാക്കേജിൻ കീഴിൽ നാളിതുവരെ ചെലവഴിച്ചത് 164.8950 കോടി രൂപയാണ്. കുട്ടനാട് പാക്കേജിൻകീഴിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വാർഷിക കണക്ക് താഴെ സൂചിപ്പിക്കുന്നു. |

| കാലയളവ് | ചെലവഴിച്ച തുക |
|---|---|
| 2009-10 | 3.49 |
| 2010-11 | 50.5031 |
| 2011-12 | 14.2331 |
| 2012-13 | 96.6688 |
| **ആകെ** | **164.8950** |

| | |
|---|---|
| (ഡി) കുട്ടനാട് പാക്കേജ് കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനുള്ള ഊർജ്ജിതശ്രമം നടത്തുമോ? | (ഡി) കുട്ടനാട് പാക്കേജ് കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് സർക്കാർ ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ, സെക്രട്ടറി തലങ്ങളിൽ യോഗം കൂടി പാക്കേജിന്റെ സുഗമമായ നടത്തിപ്പിലേയ്ക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണവും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**